**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2122** **06-07-2022 - ൽ മറുപടിയ്ക്ക്**

**ഭക്ഷണ പദാർത്ഥങ്ങളിൽ മായം ചേർക്കുന്നത് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.സിദ്ദിഖ്** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഭക്ഷണ പദാർത്ഥങ്ങളിൽ മായം ചേർത്തതിനും ഗുണനിലവാരമില്ലാത്ത ഭക്ഷണ പദാർത്ഥങ്ങൾ വിതരണം ചെയ്തതിനും ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതു വരെ എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ഗുണനിലവാരമില്ലാത്ത ഭക്ഷണ പദാർത്ഥങ്ങൾ വിതരണം ചെയ്തതുമായി ബന്ധപ്പെട്ട് 648 അഡ്ജ്യൂഡിക്കേഷൻ കേസുകളും 394 പ്രോസിക്യൂഷൻ കേസുകളും ഫയൽ ചെയ്തിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| ജില്ല | അഡ്ജ്യൂഡിക്കേഷൻ കേസുകൾ | പ്രോസിക്യൂഷൻ കേസുകൾ |
|---|---|---|
| തിരുവനന്തപുരം | 39 | 19 |
| കൊല്ലം | 62 | 35 |
| പത്തനംതിട്ട | 32 | 19 |
| ആലപ്പുഴ | 49 | 28 |
| കോട്ടയം | 63 | 23 |
| ഇടുക്കി | 20 | 0 |
| എറണാകുളം | 85 | 49 |
| തൃശ്ശൂർ | 41 | 29 |
| പാലക്കാട് | 45 | 24 |
| മലപ്പുറം | 48 | 33 |
| കോഴിക്കോട് | 108 | 97 |
| വയനാട് | 18 | 17 |
| കണ്ണൂർ | 20 | 0 |
| കാസർഗോഡ് | 18 | 21 |

| | | | |
|---|---|---|---|
| (ബി) | ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, തട്ടുകടകൾ എന്നിവിടങ്ങളിൽ കർശന പരിശോധന നടത്താനും നിയമലംഘനത്തിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കാനും | (ബി) | സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും അത് വഴി സുരക്ഷിതമായ ഭക്ഷണം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുമായി ഭക്ഷ്യസുരക്ഷാ വകുപ്പ് നിരന്തരം പരിശോധനകൾ നടത്തി വരുന്നു. ഇത്തരം പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള നടപടികളായ നോട്ടീസ് (റെക്ടിഫിക്കേഷൻ/ ഇംപ്രൂവ്മെന്റ്), പിഴ അടപ്പിക്കൽ, ക്ലോഷർ, പ്രോസിക്യൂഷൻ/ അഡ്ജുഡിക്കേഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. കഴിഞ്ഞ ഒരു വർഷ കാലയളവിൽ സംസ്ഥാനത്തുടനീളം ഹോട്ടലുകൾ/ റെസ്റ്റോറന്റുകൾ കേന്ദ്രീകരിച്ച് 14385 പരിശോധനകൾ നടത്തുകയും 3139 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും, ഗുരുതരമായ വീഴ്ചകൾ കണ്ടെത്തിയ 355 സ്ഥാപനങ്ങൾക്ക് ക്ലോഷർ നോട്ടീസ് നൽകി |

| | | | |
|---|---|---|---|
| | തയ്യാറാകുമോ; വിശദമാക്കാമോ? | | പ്രവർത്തനം നിർത്തി വയ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി പരിശോധനകൾ തുടർന്നുവരികയാണ്. |

സെക്ഷൻ ഓഫീസർ